ഭരണഭാഷ–മാതൃഭാഷ

# മൂടാടി ഗ്രാമപഞ്ചായത്ത് കാര്യാലയം

പി.ഒ.കടലൂർ, പിൻ 673529, P.H. 04962690200
E-Mail: moodadigp@gmail.com,

---

10964/2023 1.7.2023

പ്രേഷകൻ

സെക്രട്ടറി

മൂടാടി ഗ്രാമപഞ്ചയത്ത്

സ്വീകർത്താവ്

ഇന്റേണൽ വിജിലൻസ് ഓഫീസർ

കൺവീനർ

(തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സ്ഥിരം അദാലത്ത്)

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

കോഴിക്കോട്

സർ,

വിഷയം :- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സ്ഥിരം അദാലത്ത്- 14.6.2023 ന് നടന്ന യോഗത്തിലെ തീരുമാന പ്രകാരം നടപടി സ്വീകരിച്ചത്- സംബന്ധിച്ച്

-----

മേൽവിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സ്ഥിരം അദാലത്ത് പ്രകാരം 14.6.2023 ന് കോഴിക്കോട് ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ വെച്ച് നടന്ന അദാലത്തിൽ ശ്രീമതി ബഗിത , വട്ടാർ വെള്ളിക്കുനി ,മൂടാടി പി.ഒ എന്നവരുടെ കെട്ടിട നിർമ്മാണ അപേക്ഷയിൽ സത്വരനടപടികൾ സ്വീകരിച്ച് ഫയൽ തീർപ്പാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.

ശ്രീമതി ബഗിത , വട്ടാർ വെള്ളിക്കുനി , മൂടാടി പി.ഒ എന്നവർ 25.9.2012 ന് 10964/12 നമ്പറായി താമസാവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിന് അനുമതിക്കായി ഈ

ഓഫീസിൽ നൽകിയ അപേക്ഷയിൽ 22.11.2022 തിയ്യതിയിൽ മാത്രമാണ് 6.10 മീറ്റർ ഉയരമുള്ള വാസഗൃഹം നിർമ്മിക്കുന്നതിന് റെയിൽവേ എൻ.ഒ.സി നൽകിയത് . റെയിൽവേയുടെ അനുമതി ലഭിക്കുന്ന ഘട്ടത്തിൽ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചതാണ്. ആയതിനാൽ നിലവിലുള്ള ചട്ടങ്ങൾ പാലിച്ച് കൊണ്ട് സങ്കേതം വഴി അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകയോട് നേരിട്ട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആവശ്യപ്പെട്ട പ്രകാരമുള്ള ഡ്രോയിങ്ങുകൾ ഇത് വരെ ഈ ഓഫീസിൽ ഹാജരാക്കിയിരുന്നില്ല. നിലവിൽ ഡാറ്റാബാങ്കിൽ ഉൾപ്പെടുന്ന സ്ഥലത്താണ് നിർമ്മാണം എന്നതിനാൽ പ്രസ്തുത കെട്ടിടത്തിന് നമ്പർ നൽകാൻ സാധിക്കില്ല. ആയതിനാൽ പ്രസ്തുത കെട്ടിടത്തിനെ അനധികൃത കെട്ടിടത്തിൽ ഉൾപ്പെടുത്തി 14/3യു.എ നമ്പർ അനുവദിച്ച് ശ്രീമതി ബഗിത , വട്ടാർ വെള്ളിക്കുനി ,മൂടാടി പി.ഒ എന്നവരുടെ അപേക്ഷ തീർപ്പാക്കിയിട്ടുണ്ട്. ഡാറ്റാബാങ്കിൽ നിന്ന് പ്രസ്തുത ഭൂമിയെ ഒഴിവാക്കി ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത നിർമ്മാണത്തിനെ അനധികൃത നിർമ്മാണത്തിൽ നിന്ന് ഒഴിവാക്കുന്നതാണ്.

GIREESH M.
Secretary
Moodadi Grama Panchayat
P.O Kadalur, Pin - 673 529
0496 2690200, Mob: 9496048191

സെക്രട്ടറി

മൂടാടി ഗ്രാമപഞ്ചായത്ത്